# തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് ഓഫീസ്

തൊണ്ടർനാട് (പി.ഒ), വയനാട് ജില്ല

PH:04935 235235, E mail – thondernadugp@gmail.com

ISO 9001:2015 അംഗീകാരം നേടിയ പഞ്ചായത്ത്


നമ്പർ 6671/23 തീയതി– 22.11.2023

സെക്രട്ടറി

തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

ഇൻറേണൽ വിജിലൻസ് ഓഫീസർ

തദ്ദേശ സ്വയംഭരണ വകുപ്പ്

വയനാട്, കൽപ്പറ്റ

സർ,

വിഷയം :വയനാട് ജില്ല –തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്-കരുതലും കൈത്താങ്ങും ഫയൽ അദാലത്ത് –സംബന്ധിച്ച്

സൂചന : ആ ഓഫീസിൽ നിന്നും 20.11.2023 തീയതിയിൽ ലഭിച്ച ഇമെയിൽ സന്ദേശം.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. മാനന്തവാടി പക്രംതളം റോഡ് വികസനത്തിൻറെ ഭാഗമായി നിർമ്മാണ പ്രവൃത്തികളുടെ ആദ്യഘട്ടത്തിൽ തന്നെ തൊണ്ടർനാട് പഞ്ചായത്തിലെ കോറോം ടൌണിലെ സ്ഥലം ഏറ്റെടുക്കുന്നതിനായി മാനന്തവാടി എം.എൽ.എ ബഹു.ഒ.ആർ കേളു എന്നവരുടെ അദ്ധ്യക്ഷതയിൽ കോറോം ടൌണിലെ വ്യാപാരികളുടെ യോഗം വിളിച്ച് ചേർത്തു. പ്രസ്തുത യോഗ തീരുമാന പ്രകാരം റോഡിൽ വീതി കുറഞ്ഞ ഭാഗത്തെ കെട്ടിടങ്ങളുടെ മുൻഭാഗം പൊളിച്ച് നീക്കുന്നതിനും ബാക്കിയുള്ള ഭാഗം അതേ രീതിയില് ബലപ്പെടുത്തുന്നതിനും തീരുമാനിച്ചു. എന്നാൽ വർഷങ്ങൾ പഴക്കമുള്ള ഓട് മേഞ്ഞ കെട്ടിടങ്ങളുടെ മുൻഭാഗം റോഡ് വികസനത്തിൻറെ ഭാഗമായി പൊളിച്ചപ്പോള് വർഷങ്ങൾക്ക് മുമ്പ് പച്ചക്കട്ട, ഓട്, ഷീറ്റ് എന്നിവ കൊണ്ട് നിർമ്മിച്ചിരുന്ന കെട്ടിടങ്ങൾക്ക് ബലക്ഷയം നേരിടുകയും അതേ രീതിയിൽ ബലപ്പെടുത്തുന്നതിന് സാധിക്കാത്തതിനാൽ കെട്ടിടങ്ങൾ കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തുകയും ചെയ്തു. കെട്ടിടം ബലപ്പെടുത്തുന്ന സമയത്ത് 2019 ലെ കെട്ടിട നിർമ്മാണ ചട്ടം 65 പ്രകാരമുള്ള സമിതി രൂപീകരിക്കുകയോ, നിശ്ചിത ഫോറത്തിൽ പെർമിറ്റിന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല. 5 സെൻറിൽ താഴെ സ്ഥലം മാത്രമാണ് ടിയാളുകളുടെ കൈവശത്തിലുള്ളത്. ടൌൺ ഇന്നത്തെ രീതിയിൽ വികസിപ്പിക്കുന്നതിന് സാധിച്ചത് ടിയാളുകൾ സ്ഥലം സൌജന്യമായി വിട്ടു നൽകിയത് കൊണ്ട് മാത്രമാണ്.

പുതുക്കി പണിത കെട്ടിട ഉടമകളിൽ ചിലർ കെട്ടിടം റഗുലറൈസ് ചെയ്ത് നികുതി പരിഷ്കരിക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചെങ്കിലും കെട്ടിടങ്ങളുടെ വിസ്തൃതിയിൽ വലിയ രീതിയിലുള്ള വർദ്ധനവ് വന്നതിനാലും 2019 ലെ കെട്ടിട നിർമ്മാണ ചട്ട ലംഘനമുള്ളതിനാലും റഗുലറൈസ് ചെയ്ത് നൽകാൻ നിർവ്വാഹമുണ്ടായിരുന്നില്ല. തുടർന്ന് സർക്കാരിൻറെ കരുതലും കൈത്താങ്ങും ഫയൽ അദാലത്തിൽ കെട്ടിട ഉടമകൾ അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അദാലത്തിൽ അപേക്ഷ പരിഗണിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (65) പ്രകാരമുള്ള പ്രത്യേക കമ്മിറ്റി വിഷയം പരിശോധിച്ച് പരിഹാരം കണ്ടെത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം 16.06.2023 ന് പ്രസ്തുത കമ്മിറ്റിയുടെ ഒരു യോഗം ഈ ഓഫീസിൽ ചേർന്നിട്ടുള്ളതാണ്. തുടർന്ന് ഈ വിഷയത്തിൽ ബഹു.മാനന്തവാടി എം.എൽ.എ ശ്രീ.ഒ.ആർ കേളു അവർകളുടെ അദ്ധ്യക്ഷതയിൽ 01.08.2023 ന് പഞ്ചായത്ത് ഓഫീസിൽ വെച്ച് കെട്ടിട ഉടമകളെ കൂടി പങ്കെടുപ്പിച്ച് കൊണ്ട് നടന്ന യോഗത്തിൽ ജോയിൻറ് ഡയറക്ടർ തദ്ദേശ വകുപ്പ് വയനാട്, PWD Roads & Buildings അധികൃതർ, ജില്ലാ ടൌൺ പ്ലാനർ, പ്രസിഡണ്ട് തുടങ്ങിയവർ പങ്കെടുത്തു. ടി യോഗത്തിൽ കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്കരിച്ച് കിട്ടുന്നതിനായി സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിന് സൂചന 6 പ്രകാരം തീരുമാനിക്കുകയും ചെയ്തു. ആയത് പ്രകാരം ക്രമവത്കരിക്കുന്നതിന് ലഭിച്ച 8 അപേക്ഷകളും വിശദമായി പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിന് അപേക്ഷകരെ അറിയിച്ചിരുന്നെങ്കിലും ഭൂരിഭാഗം ന്യൂനതകളും പരിഹരിക്കാതെയാണ് അപേക്ഷകർ രേഖകള് ഹാജരാക്കിയിരുന്നത്. ഈ അപേക്ഷകൾ പ്രത്യേക കമ്മിറ്റി ഒരിക്കൽ കൂടി പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ടും ആയത് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച തീരുമാനവും മറ്റ് അനുബന്ധ രേഖകളും സഹിതം 18.10.2023 ന് ബഹു ജോയിന്റ് ഡയറക്ടർ വയനാട് കൽപ്പറ്റ ഓഫീസിൽ സമർപ്പിച്ചിരുന്നു. എന്നാൽ ടി ഓഫീസിൽ നിന്നും 18.11.2023 ന് നേരിട്ട് നൽകിയ നിർദ്ദേശ പ്രകാരം 18.10.2023 ന് നൽകിയ റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വീണ്ടും 20.11.2023 ന് ജോയിന്റ് ഡയറക്ടർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

THONDERNAD GRAMA PANCHAYATH
PIN 670731
P O THONDERNAD

വിശ്വസ്തതയോടെ,

സെക്രട്ടറി
തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്